File No.FWLD-D2/158/2019-FWLD

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2659 — 17.06.2019 ൽ മറുപടിയ്ക്ക്

## ആലത്തൂർ മണ്ഡലത്തിലെ വന്യജീവി ആക്രമണം

| | ചോദ്യം<br>ശ്രീ. കെ. ഡി.പ്രസേനൻ | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | ആലത്തൂർ മണ്ഡലത്തിലെ മലയോരമേഖലകളായ പാലക്കുഴി, കണ്ണച്ചിപ്പരുത, പനകറ്റി (കിഴക്കഞ്ചേരി പഞ്ചായത്ത്) പ്രദേശങ്ങളിൽ വന്യജീവികളുടെ വ്യാപകമായ ആക്രമണം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള ആക്രമണങ്ങൾ തടയുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; | (ബി) കിഴക്കഞ്ചേരി പഞ്ചായത്തിലെ പാലക്കുഴി, പോത്തുചാടി ഔട്ട്പോസ്റ്റ് മുതൽ ഒളകര സ്റ്റേഷൻ വരെയുള്ള പ്രദേശത്ത് 5 കി. മീ. ദൂരത്തിൽ സൗരോർജ്ജ വേലി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജനജാഗ്രതാ സമിതികൾ യോഗം ചേർന്ന് മേൽ സോളാർ ഫെൻസിംഗ് ജനകീയ പങ്കാളിത്തത്തോടെ പരിപാലിക്കുന്നതിന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, കെ.എസ്.ഇ.ബി-യുമായി ബന്ധപ്പെട്ട് കിഴക്കൻചേരി ഭാഗങ്ങളിൽ വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കുഴി, കണ്ണച്ചിപ്പരുത, പനങ്കറ്റി പ്രദേശങ്ങളിൽ വന്യജീവികളുടെ ആക്രമണങ്ങളിൽ നാശനഷ്ടം സംഭവിച്ച എത്രപേർക്ക് ധനസഹായം അനുവദിച്ചു എന്നറിയിക്കാമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കുഴി, കണ്ണച്ചിപ്പരുത, പനങ്കറ്റി പ്രദേശങ്ങളിൽ വന്യജീവികളുടെ ആക്രമണങ്ങളിൽ നാശനഷ്ടം സംഭവിച്ച് ലഭ്യമായ 8 അപേക്ഷകളിന്മേൽ 5 അപേക്ഷകൾക്ക് നഷ്ടപരിഹാരം അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.